# കേരള ബാംബൂ ഫെസ്റ്റ് 2025 റിപ്പോർട്ട്

മുള മേഖലയുടെ വിപണന വികസനത്തിനും കരകൗശല വിദഗ്ധരുടെ ഉന്നമനത്തിനുമായി കേരള സംസ്ഥാന ബാംബൂ മിഷന്റെ (കെഎസ്ബിഎം) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വാർഷിക മേളയാണ് കേരള ബാംബൂ ഫെസ്റ്റ്. മുള അനുബന്ധ മേഖലയിലെ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും തങ്ങളുടെ വിപണി വിപുലീകരിക്കാനും ഉൽപ്പന്ന നിർമാണങ്ങളെക്കുറിച്ചുള്ള അറിവ് നേടാനും പരസ്പരം വിവരങ്ങൾ പങ്കിടാനും കേരള ബാംബൂ ഫെസ്റ്റ് അവസരം ഒരുക്കി നൽകുന്നു. 2004-ൽ കൊച്ചി ടൗൺ ഹാളിലാണ് കേരള ബാംബൂ ഫെസ്റ്റിൻ്റെ ആദ്യ പതിപ്പ് സംഘടിപ്പിച്ചത്.

കേരള സംസ്ഥാന ബാംബൂ മിഷൻ (കെഎസ്ബിഎം), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെബിപ്പ്) എന്നിവയുടെ സഹകരണത്തോടെ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന കേരള ബാംബൂ ഫെസ്റ്റിൻ്റെ 22-ാമത് എഡിഷൻ 2025 ഡിസംബർ 27 മുതൽ 2026 ജനുവരി 1 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു.



2025 ഡിസംബർ 26 ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് 22-ാമത് കേരള ബാംബൂ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. ബഹു. എറണാകുളം എംഎൽഎ ശ്രീ. ടി. ജെ വിനോദ് അധ്യക്ഷനായി. ബഹു. കേന്ദ്ര വ്യവസായ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. തിരുച്ചി ശിവ എം.പി. മുഖ്യാതിഥിയായ ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ. എസ് ആമുഖ പ്രഭാഷണം നടത്തി. എറണാകുളം ജില്ലാ കലക്ടർ ശ്രീമതി. ജി. പ്രിയങ്ക ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്, ഓഫീസർ







ഓൺ സ്പെഷ്യൽ ഡ്യൂട്ടി (വ്യവസായം) ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്, കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിലെ (DA&FW) ഹോർട്ടികൾച്ചർ കമ്മീഷണർ /നാഷണൽ ബാംബൂ മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. അജിത്ത് കുമാർ, കേരള കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ. പി. രാമഭദ്രൻ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി.എ. നജീബ്, കെബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ സംസ്ഥാന ബാംബൂ മിഷൻ ശ്രീ. സൂരജ് എസ്. എന്നിവർ പങ്കെടുത്തു.

സംസ്ഥാന സ്കൂൾ പ്രവർത്തി പരിചയ മേളയിൽ മുള ഉത്പന്ന നിർമാണ മത്സര വിഭാഗത്തിൽ വിവിധ തലങ്ങളിലായി ഒന്നാം സമ്മാനം കരസ്ഥമാക്കിയ കുട്ടികളെ ബാംബൂ ഫെസ്റ്റിന്റെ ഉദ്ഘാടന ചടങ്ങിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ആദരിച്ചു. ശാരീരിക പരിമിതികൾ നേരിടുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ വലിയൊരു വിഭാഗം കുട്ടികൾ മുള ഉത്പന്ന നിർമാണ മേഖലയെ ഗൗരവകരമായി പരിഗണിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു കേരളസംസ്ഥാന ബാംബൂ മിഷന്റെ ഈ നടപടി.

വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ(KSBM), നാഷണൽ ബാംബൂ മിഷൻ (NBM) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്) തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ രണ്ട് പതിറ്റാണ്ടിലേറെയായി തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു. 2004-ൽ 60 പ്രദർശകരുമായി ആരംഭിച്ച കേരള ബാംബൂ ഫെസ്റ്റിന്റെ 22 -ആം പതിപ്പിൽ രാജ്യത്തുടനീളമുള്ള 350 ലധികം കരകൗശല വിദഗ്ധർ / കലാകാരൻമാർ / എൻജിഒകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ 200 സ്റ്റാളുകൾ എന്ന അത്ഭുതപൂർണ്ണമായ വളർച്ച കൈവരിച്ചു കഴിഞ്ഞു.

ഭൂട്ടാനിലെ താരായന ഫൗണ്ടേഷൻ മുഖേന നാമനിർദ്ദേശം ചെയ്യപ്പെട്ട ഭൂട്ടാനിൽ നിന്നുള്ള നാല് മുള കരകൗശല വിദഗ്ധരുടെ അന്താരാഷ്ട്ര പങ്കാളിത്തമായിരുന്നു ഇത്തവണയും കേരള ബാംബൂ ഫെസ്റ്റിന്റെ മുഖ്യ ആകർഷകങ്ങളിലൊന്ന്. മനോഹരമായ കൊട്ടകൾ, തൊപ്പികൾ, മുളകൊണ്ടുള്ള വൈൻ കുപ്പികൾ എന്നിവയുടെ നിർമാണ ചാരുതി ഭൂട്ടാൻ കലാകാരന്മാരുടെ കരകൗശല മികവ് എടുത്തുകാണിച്ചു. തുടർച്ചയായ രണ്ടാം വർഷമാണ് ഭൂട്ടാനിലെ കലാകാരന്മാർ മേളയിൽ സാന്നിധ്യം അറിയിക്കുന്നത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ സ്ഥിര പങ്കാളിത്തം അന്താരാഷ്ട്ര തലത്തിലേയ്ക്ക്










മേളയുടെ യശസ്സ് ഉയർത്തുന്നതിന് കാരണമായി.

കേരളത്തിലുടനീളമുള്ള 300 കരകൗശല വിദഗ്ധരെ 180 സ്റ്റാളുകളിലായി ഒരുമിച്ചു കൊണ്ടുവരുന്നതിനും പ്രസ്തുത കലാകാരന്മാർക്ക് തങ്ങളുടെ ഉത്പന്ന മികവും വൈദഗ്ധ്യവും സർഗ്ഗാത്മകതയും പ്രദർശിപ്പിക്കുന്നതിനും മേള മികച്ച അവസരമാണ് ഒരുക്കി നൽകിയത്. കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും നിന്നുള്ള കരകൗശല വിദഗ്ധരുടെ പ്രാതിനിധ്യമാണ് ഫെസ്റ്റിന്റെ ശ്രദ്ധേയമായ ഘടകം. സ്റ്റാളുകളിലെ മുള മൂല്യ വർദ്ധിത ഉത്പന്ന സംരംഭകരുടെ പങ്കാളിത്തം കേരളത്തിലെ മുളയെ ചുറ്റിപ്പറ്റി വളർന്നുവരുന്ന സംരംഭകത്വ ആവാസവ്യവസ്ഥയുടെ അടയാളപ്പെടുത്തൽ കൂടിയായിരുന്നു. ഇത് മുളയും അനുബന്ധ മേഖലകളും ലാഭകരമായ ഒരു ബിസിനസ്സ് സംരംഭമെന്ന നിലയിൽ പൊതുജനങ്ങൾ സ്വീകരിക്കുന്നു എന്നതിനുള്ള തെളിവായി കൂടി ഉയർത്തിക്കാട്ടാം.

സംസ്ഥാന ബാംബൂമിഷൻ സംഘടിപ്പിച്ച ഡിസൈൻ വർക്ഷോപ്പിലും പരിശീലന പരിപാടികളിലും രൂപകൽപന ചെയ്ത വിവിധ ഉൽപന്നങ്ങൾ മേളയിലെ ബാംബൂ ഗാലറിയിൽ പ്രദർശിപ്പിച്ചു കൊണ്ടാണ് സന്ദർശകരെ ഫെസ്റ്റിലേക്ക് വരവേറ്റത്. മുള കൊണ്ട് നിർമിച്ച അടുക്കള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, പെയിന്റിങ്, വുഡൻ ക്രാഫ്റ്റ്, ലാംബ് ഷെയിഡുകൾ, ആഭരണങ്ങൾ എന്നിവ മേളയെ ആകർഷണീയമാക്കി. ക്രിസ്തുമസ് അടുത്തതിനാൽ അതിനോടനുബന്ധിച്ച അലങ്കാര വസ്തുക്കൾക്കും മുളകൊണ്ടുള്ള പുഷ്പങ്ങൾക്കും ആവശ്യക്കാർ ഏറെയായിരുന്നു.

നാഗാലാൻഡ്, ആസാം, ത്രിപുര, ഒറീസ, കർണാടക, തെലങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ 8 സംസ്ഥാനങ്ങളിൽ നിന്നുള്ള മുള മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന 18 കരകൗശല വിദഗ്ധർ മേളയുടെ ഭാഗഭാക്കായി.

സംസ്ഥാന ബാംബൂമിഷൻ (കെഎസ്ബിഎം) സംഘടിപ്പിച്ച ഡിസൈൻ വർക്ഷോപ്പിലും പരിശീലന പരിപാടികളിലും രൂപകൽപന ചെയ്ത വിവിധ ഉൽപന്നങ്ങൾ മേളയിലെ ബാംബൂ ഗാലറിയിൽ പ്രദർശിപ്പിക്കുന്നതിനായി ഒരു മുള കരകൗശല ഗാലറി സ്ഥാപിച്ചിരുന്നു.

കൂടാതെ പൊതുജനങ്ങൾക്ക് മുള-കരകൗശല ഉത്പന്നങ്ങളുടെ നിർമാണരീതികൾ തത്സമയം നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും കലാകാരന്മാരോട് ആശയവിനിമയം നടത്തുന്നതിനുമായി ലൈവ് ഡെമോ സെക്ഷനുകളും മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു. അതിനോടൊപ്പം സന്ദർശകർക്ക് മുള അനുബന്ധ ഉത്പന്ന നിർമാണത്തിൽ വിദഗ്ധരായ കരകൗശല കലാകാരന്മാരുടെ മേൽനോട്ടത്തിൽ പരിശീലനകളരിയും ഒരുക്കിയിരുന്നു. രജിസ്റ്റർ ചെയ്യുന്നവർക്ക് തികച്ചും സൗജന്യമായാണ് സംസ്ഥാന ബാംബൂ മിഷൻ മുളയുത്പ്പന്ന നിർമാണത്തിൽ പരിശീലനം നൽകിയത്. 100 ലധികം സന്ദർശകരാണ് മേളയിൽ ഈ അവസരം പ്രയോജനപ്പെടുത്തിയത്.

പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ (തൃശൂർ, മലപ്പുറം) മുള നിർമിത പൈതൃക പ്രദർശനം മേളയെ വേറിട്ട് നിർത്തുന്നതായിരുന്നു. തൃശൂർ ജില്ലയിലെ കാടർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ തുടങ്ങിയ വിഭാഗങ്ങൾ മുളകൊണ്ട് നിർമ്മിക്കുന്ന വസ്തുക്കളാണ് പ്രദർശിപ്പിച്ചത്. കാറ്റിൽ നിന്ന് തേനെടുക്കാൻ ഉപയോഗിക്കുന്ന തേനിക്കൊട്ട, മുളകൊണ്ട് നിർമിക്കുന്ന മീൻ പിടിത്ത ഉപകരണങ്ങൾ, വാദ്യോപകരങ്ങൾ തുടങ്ങി അന്യം നിന്ന് പോകുന്ന നിരവധി പൈതൃക ഉത്പന്നങ്ങളുടെ പ്രദർശനം മേളയുടെ ആകർഷണങ്ങളിൽ ഒന്നായിരുന്നു.



കേരള സർവകലാശാല സോഷ്യോളജി വിഭാഗത്തിന് കീഴിൽ നിർമ്മിച്ച മുള ഉത്പന്നങ്ങളുടെ 'ഒപ്പം' പ്രദർശന സ്റ്റാൾ കേരള സംസ്ഥാന ബാംബൂ മിഷന്റെ പ്രവർത്തന നേട്ടങ്ങളുടെ സൂചികകളിൽ ഒന്നായിരുന്നു. നാഷണൽ ബാംബൂ മിഷൻ പദ്ധതിക്ക് കീഴിൽ കേരള സംസ്ഥാന ബാംബൂ മിഷൻ പരിശീലനം നൽകിയ 'ഒപ്പം' പ്രൊജക്ടിൽ പങ്കെടുത്തവർ ചേർന്നാണ് മുള ഉത്പന്നങ്ങൾ നിർമ്മിച്ച് പ്രദർശനത്തിൽ പങ്കെടുത്തത്.

അതിനൂതന മുള സംസ്കരണ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും വിപുലമായ ശ്രേണി ഒരുക്കി നാഗ്പൂരിൽ നിന്നുള്ള പ്രശാന്ത് ബാംബൂ മെഷീൻസ് പ്രൈവറ്റ് ലിമിറ്റഡും മെഷിനറി വിഭാഗത്തിൽ കേരള ബാംബൂ ഫെസ്റ്റിൽ പങ്കാളികളായി. കേരളത്തിൽ നിന്നുള്ള കരകൗശല വിദഗ്ധർക്കും സന്ദർശകർക്കും അത്യാധുനിക യന്ത്രങ്ങളുടെ പരിചയവും സീറോ വേസ്റ്റേജിൽ ഊന്നിയ പ്രവർത്തനങ്ങളും നവീന അനുഭവമായിരുന്നു.

ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ-സാംസ്കാരിക പരിപാടികൾക്കും വേദിയൊരുങ്ങി. 2025 ഡിസംബർ 26 വൈകുന്നേരം 7:00ന് ഉദ്ഘാടനവും 2025 ഡിസംബർ 27 മുതൽ 2026 ജനുവരി 1 വരെ രാവിലെ 10.30 മുതൽ രാത്രി 8.30 വരെയുമായിരുന്നു മേളയുടെ സമയക്രമം. പ്രവേശനം സൗജന്യമായിരുന്നു.

വിവിധയിനം മുളതൈകളും/വിത്തുകളും ഫെസ്റ്റിൽ ലഭ്യമാക്കിയിരുന്നു. തുടർച്ചയായി ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്ന നിരവധി കരകൗശല വിദഗ്ധർക്കും ഗ്രൂപ്പുകൾക്കും പുറമെ ഈ മേഖലയിൽ നിന്നും പുതിയ കരകൗശല വിദഗ്ധരും ഈ മേളയിൽ അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു. മുള കൊണ്ട് നിർമ്മിച്ച മ്യൂറൽ പെയിന്റിംഗുകൾ, മുള & ചണ സഞ്ചികൾ, മുളകൊണ്ടുള്ള അടുക്കള പാത്രങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവ സന്ദർശകരുടെ ജനപ്രിയ ഇനങ്ങളായിരുന്നു. കൂടാതെ മുളയും മുളയരി കൊണ്ട് നിർമ്മിച്ച വിവിധ ഭക്ഷ്യ ഉൽപ്പന്നങ്ങളായ മുളയരി പായസം, മുളയില തേയില തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിൽപ്പനക്കായി പ്രത്യേക സ്ഥലവും അനുവദിച്ചു. ഈ ഉൽപ്പന്നങ്ങൾ സന്ദർശകരുടെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. രണ്ട് ഫുഡ് സ്റ്റാളുകളും രണ്ടു നഴ്സറികളും പുറമെ മൂന്ന് പരിശീലന സെക്ഷനുകളും മേളയുടെ ഭാഗമായി.








## സംക്ഷിപ്തം

1. പ്രദർശിപ്പിച്ച മുള ഉൽപ്പന്നങ്ങൾ: ഫർണിച്ചറുകൾ, വിവിധ കരകൗശല വസ്തുക്കൾ, ലാമ്പ് ഷേഡുകൾ ഉൾപ്പെടെയുള്ള ഇന്റീരിയർ ഡെക്കറേഷൻ ഇനങ്ങൾ, മ്യൂറൽ പെയിന്റിംഗുകൾ, അടുക്കള പാത്രങ്ങൾ, കർട്ടനുകൾ, പ്ലാന്റ് ഹോൾഡറുകൾ, മുള അരിയും മുളങ്കൂമ്പും ഉപയോഗിച്ചുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങൾ.
2. പങ്കെടുത്തവർ: 200 സ്റ്റാളുകളിലായി 400 പേർ.
3. സംസ്ഥാനത്തിനകത്തു നിന്നുള്ള കരകൗശലക്കാർ - 180 സ്റ്റാളുകളിലായി 300 പേർ
4. അന്താരാഷ്ട്ര പ്രദർശകർ - ഭൂട്ടാനിൽ നിന്നുള്ള 4 കരകൗശല വിദഗ്ധർ.
5. പങ്കെടുത്ത സംസ്ഥാനങ്ങളുടെ എണ്ണം - കേരളത്തിന് പുറമെ 9 സംസ്ഥാനങ്ങൾ (നാഗാലാൻഡ്, ആസാം, ത്രിപുര, ഒറീസ, കർണാടക, തെലങ്കാന, തമിഴ്നാട്, മണിപ്പൂർ & മഹാരാഷ്ട്ര)
6. സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കരകൗശല തൊഴിലാളികൾ - 23
7. സർക്കാർ/ഗവേഷണ സ്ഥാപനങ്ങൾ – കേരളത്തിൽ നിന്നുള്ള 13 സ്ഥാപനങ്ങൾ
    1. കേരള സംസ്ഥാന ബാംബൂ മിഷൻ
    2. കേരള സംസ്ഥാന ബാംബൂ കോർപറേഷൻ
    3. കേരള ഫോറെസ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
    4. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ. എൻ.ടി ബി ജി ആർ ഐ)
    5. ഒപ്പം - കേരള യൂണിവേഴ്സിറ്റി
    6. വന വകുപ്പ് (5 ഡിവിഷനുകളിൽ നിന്നുള്ള സ്റ്റാളുകൾ - മലയാറ്റൂർ, വാഴച്ചാൽ (FDA & വനശ്രീ), ചിന്നാർ, ചാലക്കുടി)
    7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസ് ആൻഡ് ടെക്നോളജി (IWST), ബാംഗ്ലൂർ
    8. സുരഭി
    9. കൈരളി
    10. കേരള വന വികസന കോർപറേഷൻ
    11. ശുചിത്വ മിഷൻ
    12. കേരള സംസ്ഥാന കയർ കോർപറേഷൻ
    13. CAPEX
8. സംസ്ഥാനത്ത് നിന്നുള്ള സംരംഭകർ - 8 യൂണിറ്റുകളിൽ നിന്ന് 16 പേർ
9. മുള നഴ്സറികൾ - 2
10. മുള ഭക്ഷണ സ്റ്റാളുകൾ - 2

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുള മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി കരകൗശല വിദഗ്ധർക്കും സംഘടനകൾക്കും മുളകൊണ്ട് നിർമ്മിച്ച ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്ന് ന്യായമായ ലാഭം നേടാനും അവസരമൊരുക്കി എന്നതാണ് ഫെസ്റ്റിന്റെ ഏറ്റവും വലിയ നേട്ടം. നൂതനവും പരിസ്ഥിതി സൗഹൃദവുമായ വൈവിധ്യമാർന്ന മുള ഉൽപ്പന്നങ്ങളാണ് ബാംബൂ ഫെസ്റ്റിൽ പ്രദർശിപ്പിച്ചത്.